ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 11.12.2024**

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തിൽ പാർലമെന്റ് പ്രക്ഷുബ്ധം. രാജ്യസഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു.
2. ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിതരണം ചെയ്യും. മലപ്പുറത്തെ പെരിമ്പടപ്പ പഞ്ചായത്തിനും കിലയ്ക്കും പുരസ്കാരം.
3. തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ കേരളത്തിൽ; മുല്ലപ്പെരിയാർ വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയനുമായി ചർച്ച നടത്തും.
4. തദ്ദേശ വാർഡ് ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് 16 ഇടത്തും എൽ.ഡി.എഫ് 11 ഇടത്തും എൻ.ഡി.എ രണ്ട് സീറ്റിലും വിജയിച്ചു.
5. കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴി പദ്ധതിക്കായി പാലക്കാട് ജില്ലയിൽ 105 ഏക്കർ വിട്ടുനൽകാൻ മന്ത്രിസഭ തീരുമാനിച്ചു.
6. ഏഴാമത് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഫൈനൽ റൗണ്ടിന് തുടക്കമായി.

&&&&&&&&&&&&&&&&&&&

RNUTVPM

## പാർലമെന്റ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും പ്രക്ഷുബ്ധം. ലോക്സഭയിൽ നടപടികൾ പുരോഗമിക്കുകയാണ്. പ്രതിപക്ഷ ബഹളത്തെ തുടർന്ന് 12 മണിവരെ നിർത്തിവച്ച രാജ്യസഭ പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നു. പിന്നാലെ രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&&

## രാഷ്ട്രപതി -പുരസ്കാരങ്ങൾ (ഇൻട്രോ)

2024 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ വിതരണം ചെയ്യും. വിവിധ വിഭാഗങ്ങളിലായി 45 പുരസ്കാരങ്ങളാണ് നൽകുന്നത്. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ പഞ്ചായത്തും കിലയും പുരസ്കാരം ഏറ്റുവാങ്ങും. പുരസ്കാരം നേടിയ പഞ്ചായത്തുകളുടെ നൂതനവും ഫലപ്രദവുമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബുക്ക്‌ലെറ്റ് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ചടങ്ങിൽ പ്രകാശനം ചെയ്യും.

RNU TVPM

ഗ്രാമ പഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടത്തിയ ഇടപെടലുകൾക്കാണ് പുരസ്കാരം ലഭിച്ചതെന്ന് കിലയുടെ ഡയറക്ടർ എ.നിസാമുദ്ദീൻ ഐ.എ.എസ് ആകാശവാണി വാർത്തകളോട്....

(വോയിസ്)

&&&&&&&&&&&&&&&&&&&

## പ്രണബ് മുഖർജി

മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ ജന്മവാർഷികദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും

അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാഷ്ട്രതന്ത്രജ്ഞൻ, ഭരണാധികാരി എന്നീ നിലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വ്യക്തിയാണ് പ്രണബ് മുഖർജിയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&

## എം.കെ.സ്റ്റാലിൻ

തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ കേരളത്തിൽ എത്തി. രാവിലെ നെടുമ്പാശ്ശേരി വിമാനത്താവളത്തിലാണ് അദ്ദേഹം എത്തിയത്. സംസ്ഥാന സർക്കാരിനു വേണ്ടി ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു.

&&&&&&&&&&&&&&&&&&&&

RNUTVPM

## സമാപന ആഘോഷം-വൈക്കം

ഇവി രാമസ്വാമി നായ്ക്കർ സ്മാരക ഉദ്ഘാടനവും വൈക്കം സത്യാഗ്രഹ ശതാബ്ദിയുടെ സമാപന ആഘോഷവും നാളെ വൈക്കത്ത് നടക്കും. വൈക്കം കവലയിലുള്ള തന്തൈ പെരിയോർ സ്മാരകം, തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ ഉദ്ഘാടനം ചെയ്യും. പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&&&

## മുല്ലപ്പെരിയാർ-മുഖ്യമന്ത്രി

തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ മുല്ലപ്പെരിയാർ വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയനുമായി ചർച്ച നടത്തും. ഇന്ന് വൈകിട്ട് കുമരകത്താണ് ഇരു മുഖ്യ മന്ത്രിമാരുടെയും കൂടിക്കാഴ്ച.

&&&&&&&&&&&&&&&&&&&&

## തദ്ദേശ ഫലം

സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിൽ ഇന്നലെ നടന്ന ഉപതെരഞ്ഞെടുപ്പിൻറെ ഫലം പുറത്തുവന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 16 ഇടത്ത് യുഡിഎഫും 11 ഇടത്ത് എൽഡിഎഫും രണ്ടിടത്ത് എൻഡിഎയും വിജയിച്ചു. ഒരിടത്ത് സ്വതന്ത്രൻ ജയിച്ചു. തൃശൂരിൽ കൊടുങ്ങല്ലൂർ നഗരസഭയിലെ ചേരമാൻ മസ്ജിദ് വാർഡിലേയ്ക്കും നാട്ടികയിലെ 9-ാം വാർഡിലേയ്ക്കും നടന്ന ഉപതിരഞ്ഞെടുപ്പിൽ ബി. ജെ. പിക്കും യു.ഡി.എഫിനും വിജയം. ഈ വിജയത്തെതുടർന്ന് എൽ.ഡി. എഫ്. ഭരിക്കുന്ന നാട്ടിക പഞ്ചായത്തിൽ യു.ഡി.എഫിന്റെ അംഗബലം 6 ആയി. 5 അംഗങ്ങളാണ് എൽ.ഡി.എഫിനുള്ളത്. ബി.ജെ.പി.ക്ക് 3 അംഗങ്ങളുമുണ്ട്.

&&&&&&&&&&&&&&&&&&&&

## സംരംഭക സഭ-മുഖ്യമന്ത്രി

സംരംഭകവർഷം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളം മുഴുവൻ സംഘടിപ്പിക്കുന്ന സംരംഭക സഭകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം കാട്ടാക്കടയിൽ നിർവ്വഹിക്കും. മന്ത്രിമാരായ എം ബി രാജേഷ്, വി ശിവൻകുട്ടി, ജി ആർ അനിൽ എന്നിവർ മുഖ്യാതിഥികളാകും. ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, നേരത്തെ പ്രവർത്തിച്ച് വരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ യോഗമാണ് "സംരംഭക സഭ" എന്ന പേരിൽ നടത്തുന്നത്. കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250 ൽ പരം സംരംഭങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&&

## SMART INDIA HACKATHON

ഏഴാമത് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഫൈനൽ റൗണ്ടിന് ഇന്ന് തുടക്കം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പരിപാടി ഓൺലൈനായി ഉദ്ഘാടനം ചെയ്യു. രാജ്യത്തെ 51 കേന്ദ്രങ്ങളിലാണ് ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. 1,300 ലധികം വിദ്യാർത്ഥി സംഘങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. കേരളത്തിൽ

കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിങ് കോളേജിൽ ഹാക്കത്തോണിന് തുടക്കമായി. ഹാർഡ് വെയർ, സോഫ്റ്റ്‌വെയർ എന്നീ രണ്ട് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

അവസാന റൗണ്ടിലെ മത്സരാർത്ഥികളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിങ്ങിലൂടെ സംവദിക്കും.

RNI TVPM

&&&&&&&&&&&&&&&&&&&&

## മന്ത്രിസഭാ യോഗ തീരുമാനം

കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി പദ്ധതിയ്ക്കായി പാലക്കാട് പുതുശ്ശേരിയിൽ 105.26 ഏക്കർ വിട്ടുനിൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഭൂമി സംസ്ഥാന ഓഹരി ആയി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറും.

നോർക്ക റൂട്ട്സിലെ ജീവക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്താനും മന്ത്രിസഭ തീരുമാനിച്ചു.പത്തനംതിട്ട ജില്ലയിൽ കടപ്ര - വീയപുരം റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ മന്ത്രിസഭ അംഗീകരിച്ചു.

&&&&&&&&&&&&&&&&&&&&

## ദുരിതാശ്വാസനിധി

ഡിസംബർ മൂന്നു മുതൽ 10 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 4.92 കോടി രൂപ വിതരണം ചെയ്തു. 2,210 പേർക്കാണ് തുക അനുവദിച്ചത്.

&&&&&&&&&&&&&&&&&&&

## മൊബൈൽ ട്രീറ്റ് മെന്റ് പ്ലാന്റ്

ശബരിമലയിൽ ശുചിമുറി മാലിന്യം സംസ്കരിക്കുന്നതിനായി വിന്യസിക്കുന്ന രണ്ട് മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ഫ്ലാഗ് ഓഫ് മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. ഇതിന് പുറമേ രണ്ട് മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ കൂടി ഈമാസം 15 ന് ശബരിമലയിൽ എത്തിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## ഗുരുവായൂർ ഏകാദശി

ഇന്ന് ഗുരുവായൂർ ഏകാദശി. ഗുരുവായൂരിലെ ആണ്ട് വിശേഷങ്ങളിൽ ഏറെ പ്രാധാന്യമുള്ളതാണ് ഗുരുവായൂർ ഏകാദശി. ക്ഷേത്രത്തിൽ ഭക്തജനത്തിരക്ക് ഏറി. വിപുലമായ ആഘോഷങ്ങളാണ് ഗുരുവായൂരിൽ ഒരുക്കിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ സർവകലാശാലയുടെ സാഹിത്യോത്സവത്തിന്റെ രണ്ടാംപതിപ്പിന് തുടക്കമായി. കണ്ണൂർ താവക്കര കാംപസിലാണ് സാഹിത്യോത്സവം നടത്തുന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ ഒ ശശിധരൻ...**

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&&&

## നാഷണൽ അപ്രന്റീസ്ഷിപ്പ് മേള

അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ യിൽ പ്രധാനമന്ത്രി നാഷണൽ അപ്രന്റീസ്ഷിപ്പ് മേള സംഘടിപ്പിച്ചു. കാരക്കുന്ന് മെക്കോൺ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ മാനേജിംഗ് ഡയറക്ടർ ദ്വാരക ഉണ്ണി ഉദ്ഘാടനം ചെയ്തു. പതിമൂന്ന് സ്ഥാപനങ്ങളും നൂറോളം ഉദ്യോഗാർത്ഥികളും പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

സംസ്ഥാനത്തെ ഏറ്റവും വലിയ ബോട്ട് ദുരന്തമായ തേക്കടി ബോട്ടപകടം നടന്ന് 15 വർഷം പിന്നിടുമ്പോൾ കേസിന്റെ വിചാരണ ആരംഭിക്കുന്നു. നാളെ തൊടുപുഴ ഫോർത്ത് അഡീഷണൽ സെക്ഷൻസ് കോടതിയിലാണ് കേസിന്റെ വിചാരണ തുടങ്ങുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി **ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&&&

## അദാലത്ത്

നെടുമങ്ങാട് താലൂക്കുതല അദാലത് നാളെ പഴകുറ്റിയിൽ നടക്കും. ഇന്നലെ തിരുവനതപുരം നെയ്യാറ്റിൻകരയിൽ നടന്ന താലൂക്കുതല അദാലത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച 713 അപേക്ഷകളിൽ 428 എണ്ണം തീർപ്പാക്കി.

&&&&&&&&&&&&&&&&&&&&

## ഐ.എഫ്.എഫ്.കെ

കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് മറ്റന്നാൾ തിരുവനന്തപുരത്ത് തിരിതെളിയും. സ്ത്രീകൾക്ക് ഏറെ പ്രാധാന്യം നൽകിയാണ് ഇത്തവണ ചലച്ചിത്ര മേള സംഘടിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി മുതിർന്ന നടിമാരെ ആദരിക്കും. ഞായറാഴ്ച വൈകുന്നേരം മാനവീയം വീഥിയിലാണ് പരിപാടി നടക്കുന്നത്. ഈ മാസം 20 വരെ നീളുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&&&&&

## പെരിങ്കളിയാട്ടം

കണ്ണൂർ പിലാത്തറ കോക്കാട് മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിലെ പെരുങ്കളിയാട്ടത്തിന് ഇന്ന് തുടക്കമാവും. 15 വർഷങ്ങൾക്കുശേഷം നടക്കുന്ന പെരുങ്കളിയാട്ടത്തിന്റെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു.

PNUT/PM

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&